ബാങ്കുകളെയും അറിയിച്ചിരുന്നു. നബാർഡിന്റെ സർക്കുലർ നിർദ്ദേശത്തിനെതിരെ ചില പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് സഹകരണ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും, കൃഷി വകുപ്പുമന്ത്രിക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് 6-9-2013-ൽ 196/IDD-11/2013-14 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ല. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്.

പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ

109 (449) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിനുകീഴിൽ എത്ര സഹകരണ സംഘങ്ങളാണ് പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽ എത്രവീതം സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പുതുതായി രജിസ്റ്റർ ചെയ്യാൻ എത്ര സംഘങ്ങളുടെ അപേക്ഷകളാണ് ഇപ്പോൾ സഹകരണ വകുപ്പിന്റെ പരിഗണനയിലുള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1,485 പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	:	62
കൊല്ലം	:	18
പത്തനംതിട്ട	:	6
ആലപ്പുഴ	:	15
കോട്ടയം	:	18
ഇടുക്കി	:	8
എറണാകുളം	:	17
തൃശ്ശൂർ	:	10
പാലക്കാട്	:	ഇല്ല
മലപ്പുറം	:	3
കോഴിക്കോട്	:	8
വയനാട്	:	1
കണ്ണൂർ	:	4
കാസർഗോഡ്		4
സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ	:	3
ആകെ	:	177

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly